04/032024 രാവിലെ 10.30 മണിക്ക് കണ്ണൂർ ഐ വി ഒ ചേംബറിൽ വെച്ച്ചേർന്ന സിറ്റിസണ് അസിസ്റ്റന്റ് ഉപജില്ലാ സമിതി 4 ന്റെ യോഗത്തിൽ പങ്കെടുത്തവരും തീരുമാനങ്ങളും

1. വി. വി. രത്നാകരൻ –കൺവീനർ& ഐ. വി. ഒ –(ഒപ്പ് )

2. ദിലീപ് കുമാർ കെ –അസിസ്റ്റൻറ് എക്സി. എൻജിനിയർ LSGD –(ഒപ്പ് )

3. രാജീവ് പി എം – അസിസ്റ്റൻറ് ടൌണ് പ്ലാനർ LSGD Planning (ഒപ്പ് )

4. റസിയ വി.കെ (മജീദിന്റെ ഭാര്യ)––(ഒപ്പ് )

5. പ്രമോദ് എകെ ––(ഒപ്പ് )

6. ഷിഗിത കെ ––(ഒപ്പ് )

7. ഷമീർ കെ ––(ഒപ്പ് )

8. റെനിഷ . കെ. വി. ഓവർസിയർ മുഴപ്പിലങ്ങാട് GP ––(ഒപ്പ് )

9. ദീപ്തി എം പി സീനിയർ ക്ലാർക്ക് മുഴപ്പിലങ്ങാട് GP ––(ഒപ്പ് )

10. സൗമ്യ കെ ഓവർസിയർ പിണറായി GP ––(ഒപ്പ് )

11. റീന കെ പി സീനിയർ ക്ലാർക്ക് പിണറായി GP ––(ഒപ്പ് )

12. ഷിബു കെ ഹെഡ് ക്ലാർക്ക് പിണറായി GP ––(ഒപ്പ് )

<u>45,/02–2024 DT. 04/03/2024 ((മുഴപിലങ്ങാട് ഗ്രാമപഞ്ചായത്ത് )</u>

ഉപജില്ലാ അദാലത്ത് സമിതി പോർട്ടലിൽ ശ്രീമതി സന ഫാത്തിമ ടി കെ, D/O ഹസീന ടി. കെ ,ചെറിയ കുഞ്ഞി തയ്യിൽ, സന മൻസ്സിൽ, മുഴപ്പിലങ്ങാട്, കെട്ടിനകം പള്ളി, എന്നവർ ലഭ്യമാക്കിയ, മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് വാർഡ് നമ്പർ 15 ൽ ( പഴയ വാർഡ് 14 ) എന്റെ ഉമ്മാമ കുഞ്ഞാലു എന്നവരുടെ പേരിൽ പഞ്ചായത്ത് ധനസഹായത്തോടുകൂടി പഴയ വീട് ( പഴയ വീട്ട് നമ്പർ 240) പുതുക്കി പുതിയ വീട് നിർമ്മിക്കുകയും 2007 മുതൽ താമസിച്ചു വരികയുമാണ്. ശേഷം 2012 ൽ എന്റെ ഉമ്മ ഹസീനയുടെ പേർക്ക് സ്ഥലം കൈമാറ്റം ചെയ്യുകയും ചെയ്തു. ആയതിനു ശേഷം വീടിന് കെട്ടിടനികുതി, പുതിയ കെട്ടിട നമ്പർ എന്നിവ

ഇല്ലാതതിനാൽ അപേക്ഷ സമർപ്പിച്ചതിൽ പഞ്ചായത്തിൽ നിന്നും യാതൊരു നടപടിയും സ്വികരിക്കാത്തതിനാൽ കെട്ടിടത്തിന് നമ്പർ അനുവദിച്ചു തരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന അപേക്ഷയിൽ,21/02/2024 ലെ 44/02-2024 തീരുമാനം പ്രകാരം മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിൽ നിന്നും ഫയൽ പരിശോധിക്കുന്നതിനും, തുടർന്ന് സ്ഥലപരിശോധന നടത്തുന്നതിനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 28/02/2024 ന്, അപേക്ഷകയുടെ സാന്നിധ്യത്തിൽ പഞ്ചായത്ത് ഓവർസിയർ ഉൾപ്പെടെ സ്ഥല പരിശോധന നടത്തിയതിൽ നിന്നും ചുവടെ പറയുന്ന കാര്യങ്ങൾ കമ്മിറ്റിക്ക് ബോധ്യപ്പെട്ടു

1. നിലവിലുള്ള സ്ഥലമുടമയായ ശ്രീമതി ടി കെ ഹസീന എന്നവർ വീട് നിർമ്മാണം ക്രമവൽക്കരിക്കാനോ  കെട്ടിട നമ്പർ അനുവദിക്കുന്നതിന് ആയിട്ടോ ഉള്ള ഒരു അപേക്ഷയും സമർപ്പിച്ചിട്ടുള്ളത് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളതായി കാണുന്നില്ല. നേരിൽ കേട്ട സമയത്ത് ആയതു സംബന്ധിച്ച സുച്ചനകളും ഹാജരാക്കിയിട്ടില്ല .

2. അപേക്ഷയിൽ സൂചിപ്പിച്ചതുപോലെ ശ്രീമതി കുഞ്ഞലു എന്നവരുടെ പേരിൽ, മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 28/08/2006ലെ സാധാരണ യോഗത്തിന്റെ അജണ്ട ഒന്ന്- തീരുമാനം 108/06 പ്രകാരം ഭവന നിർമ്മാണം(OHC)ത്തിൽ ഉൾപ്പെടുത്തി മൂന്നാമത്തെ പേരുകാരിയായി തൈലക്കണ്ടി കുഞ്ഞലു - ചെറിയ കുഞ്ഞി തയ്യിൽ എന്നവർ  കരട് ഗുണഭോക്തൃ  പട്ടികയിൽ ഉൾപ്പെട്ടതായും ആയത് 2006 ഒക്ടോബർ 18 തീയതിയിലെ സാധാരണ യോഗത്തിൽ അജണ്ട ഒന്ന് ആയി ഗുണഭോക്തൃ പട്ടിക അന്തിമമാക്കി അംഗീകരിച്ചതായും കാണുന്നു. ഇത് സംബന്ധിച്ച ഫയലുകളോ മറ്റ് രേഖകൾ ഒന്നും പരിശോധന സമയത്ത് VEO ലഭ്യമാക്കിയിട്ടില്ല.

3. സ്ഥല  പരിശോധനയിൽ പ്രസ്തുത സ്ഥലം CRZ നോട്ടിഫിക്കേഷൻ 2011 പ്രകാരമുള്ള CZMP പ്രകാരംCRZIII യിൽ വരുന്നതായി കാണുന്നു.

4. സ്ഥല പരിശോധനയിൽ നിർമ്മാണം, ഗ്രൗണ്ട്, ഒന്നാം നില, നിർമ്മാണം പൂർത്തിയായി ഉപയോഗിച്ച് വരുന്നതായി കാണുന്നു സ്ഥലത്തിന് മുൻവശത്തെ നോട്ടിഫൈഡ് ചെയ്ത 5.05 മീ. വീതിയുള്ള റോഡിൽ നിന്നും 2.30 മീറ്റർ അകലത്തിലാണ് കെട്ടിടത്തിന്റെ ചുമർ കാണുന്നത്. ആയതിലേക്ക് 70 സെന്റീമീറ്റർ സ്ലാബ് പ്രൊജക്ഷനും നിലവിലുണ്ട്. കൂടാതെ പ്രാഥമിക പരിശോധനയിൽ സൈഡ് യാർഡുകൾകൾ ഫ്രണ്ട് യാർഡ്  എന്നിവയും

കിണറിൽ നിന്നും അതിരിലേക്കുള്ള അകലവും ചട്ട പ്രകാരം ലഭ്യമല്ല എന്നും കാണുന്നു.

5. മുകളിൽ സൂചിപ്പിച്ച വസ്തുതകളിൽ നിന്നും നിലവിലുള്ള കെപിബിആർ 2019 ചട്ടപ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുവാൻ സാധിക്കുകയില്ല എന്ന് കാണുന്നു

6. GO(p)No. 21/2024/LSGDdt. 09/02/2024 പ്രകാരം അനധികൃത നിർമ്മാണം ക്രമ വൽക്കരിക്കുന്ന ഉത്തരവ് പാലിക്കുന്ന രീതിയിൽ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ അപേക്ഷ പരിശോധിക്കുമ്പോൾ CRZ അനുമതി ലഭ്യമാവാത്ത നിർമ്മാണങ്ങൾ പരിഗണിക്കുവാൻ നിർവാഹം ഇല്ലാത്തതാണ് മെമ്പർ സെക്രട്ടറി KCZMA യുടെ 389/ A1/2022/KCZMA dt 29/11/2023 പ്രകാരം 31/12/2023 വരെ അപേക്ഷിച്ച് ഏകവാസ ഗൃഹങ്ങൾ മാത്രമേ KCZMA ജില്ലാ തല കമ്മിറ്റിക്ക് പരിഗണിക്കാൻ സാധിക്കുകയുള്ളൂ. മേൽ സർക്കാർ ഉത്തരവ് പ്രകാരം അപേക്ഷക പഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ച് ആയത് KCZMA ക്ക് , പഞ്ചായത്ത് സെക്രട്ടറി വിശദാംശങ്ങൾ കാണിച്ചുകൊണ്ട് തീയതി നീട്ടി നൽകുന്നതിന് വേണ്ടി അപേക്ഷ സമർപ്പിക്കുന്നതാണ് ഉചിതം എന്ന് സമിതി നിരീക്ഷിച്ചു.. മേൽ സർക്കാർ ഉത്തരവ് നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ മേൽ പ്രകാരം നിർമ്മാണം നടത്തിയ , ഏകവാസ ഗൃഹങ്ങൾ CRZ അനുമതിക്കായി സമർപ്പിക്കുന്നതിനുള്ള തീയതി നീട്ടി നൽകുന്നതിന് KCZMA യോട് ആവശ്യപ്പെടാവുന്നതാണെന്ന് കമ്മിറ്റി നിരീക്ഷിച്ചു.ആയത് സർക്കാറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ജില്ലാതല സമിതിയിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചു.

<u>46/02-2024 DT. 04/03/2024 ((മുഴപിലങ്ങാട് ഗ്രാമപഞ്ചായത്ത് )</u>

ഉപജില്ല അദാലത്ത് പോർട്ടലിൽ ശ്രീ ഷമീർ കെ, സുഹറാസ്, ശാദുലിക്ക റോഡ് മുഴപ്പിലങ്ങാട്, എന്നവർ ലഭ്യമാക്കിയ, മുഴപ്പിലങ്ങാട്ട് വില്ലേജിലെ റി. സ 190/133ൽ 5 സെന്റ് സ്ഥലത്ത് വീട് നിർമ്മിക്കുന്നതിന് വേണ്ടി പ്ലാൻ സഹിതം മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകിയെങ്കിലും നിരസിക്കുകയാണ് ഉണ്ടായതെന്നും തീരദേശത്തുനിന്നും 100 മീറ്ററിൽ അധികം വിട്ടിട്ടാണ് ഞങ്ങളുടെ സ്ഥലം സ്ഥിതി ചെയ്യുന്നത് എന്നും പലരുടെയും സാമ്പത്തിക സഹായത്താൽ ഞങ്ങൾ പ്രസ്തുത സ്ഥലത്ത് വീട് ഒന്നാം നില വരെ പണി കഴിപ്പിച്ചിട്ടുണ്ട് എന്നും ആയതിനാൽ വീടിന് നമ്പർ അനുവദിച്ചു തരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം എന്നുമുള്ള അപേക്ഷ അദാലത്ത് സമിതി പരിശോധിക്കുകയും അപേക്ഷകന്റെ പ്രതിനിധിയെയും പഞ്ചായത്ത് പ്രതിനിധികളെയും നേരിൽ കേൾക്കുകയും ഫയൽ പരിശോധിക്കുകയും ചെയ്തതിൽ നിന്നും അപേക്ഷകന്റെ

ക്രമവൽക്കരണത്തിനുള്ള അപേക്ഷ KCZMA യുടെ 20/07/2022ലെ നടപടി ക്രമപ്രകാരം, 29/06/2023 വരെ ലഭിച്ച ക്രമവൽക്കരണ അപേക്ഷ മാത്രമേ KCZMA യുടെ അനുമതിക്കായി നൽകേണ്ടതു് ഉള്ളൂ എന്ന് കാണിച്ച് നിരസിച്ചിട്ടുള്ളതാണ്. പിന്നീട് ടി തീയതി 31/12/2023 വരെ ദീർഘിപ്പിച്ചുകൊണ്ടു ഉത്തരവയിട്ടുള്ളതാണ്. അപേക്ഷകൻ ആയതുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള മുൻഅപേക്ഷയിൽ ആവശ്യമായ തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും ആവശ്യമുണ്ടെന്ന് നേരിൽകേട്ട സമയത്ത് ഓവർസിയർ അറിയിച്ചിട്ടുണ്ട് ആയത് അപേക്ഷകന്റെ പ്രതിനിധിയെയും നേരിൽകേട്ട സമയത്ത് അറിയിച്ചിട്ടുണ്ട്. KCZMA ജില്ലാതല സമിതിയുടെ അനുമതിക്കായി സമർപ്പിക്കേണ്ട പ്ലാനുകളും രേഖകളും ചട്ടപ്രകാരം,മേൽ സൂചിപിച്ചതുപോലെ ആവശ്യമായ തിരുത്തലുകളും കൂടിചെർക്കലുകളും വരുത്തി സമർപ്പിക്കുവാൻ നേരിൽകേട്ട സമയത്ത് അപേക്ഷകന്റെ പ്രതിനിധിയെ അറിയിച്ചിട്ടുണ്ട് ആയത് രേഖാമൂലം അറിയിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

<u>47/02-2024 DT. 04/03/2024 പിണറായി ഗ്രാമപഞ്ചായത്ത് )</u>

ഉപജില്ലാ അദാലത്ത് സമിതി പോർട്ടലിൽ ശ്രീ മജീദ് വി കെ, ഹബ്ബൾ മിനാർ,നാരങ്ങാ പുറം, പിണറായി പി ഒ, എന്നവർ ലഭ്യമാക്കിയ, 2019 ൽ പിണറായി ഗ്രാമപഞ്ചായത്ത് നിന്നും പെർമിറ്റ് അനുവദിച്ചത് പ്രകാരം വീട് നിർമ്മിക്കുകയും 2022ൽ തന്നെ വീട്ടു നമ്പറിനു വേണ്ടി പഞ്ചായത്തിൽ അപേക്ഷിക്കുകയും ചെയ്തിരുന്നു.എന്നാൽ പെർമിറ്റ് ക്യാൻസൽ ചെയ്തുവെന്നും പുതതായി അപേക്ഷിക്കണം എന്നും പഞ്ചായത്തിൽ നിന്നും അറിയിച്ചു. പെർമിറ്റ് ആദ്യം തന്നെ തന്ന് വീടെടുത്ത ഞങ്ങൾക്ക് എടുത്ത വീടിനു വേണ്ടി വീണ്ടും വില്ലേജിൽ 1000 രൂപ കൊടുത്ത് വീട് എടുക്കാൻ ഉള്ള അപേക്ഷ കൊടുക്കേണ്ടി വന്നു. ഇപ്പോൾ വീട് എടുക്കാൻ ഉള്ള പെർമിറ്റ് ലഭിക്കാൻ 33226 രൂപ അടക്കണമെന്ന് പറയുന്നു. ഞങ്ങൾക്ക് ഇത്രയും വലിയ തുക അടക്കാൻ സാധിക്കുകയില്ല ഈ തുക ഇളവു ചെയ്തു തരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന പരാതിയിൽ അപേക്ഷകനെയും പഞ്ചായത്ത് പ്രതിനിധികളെയും നേരിൽ കേട്ടതിൽ നിന്നും,ഫയൽ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന കാര്യങ്ങൾ കമ്മിറ്റിക്ക് ബോധ്യപ്പെട്ടു

1. ശ്രീ മജീദ് വി കെ എന്നവർക്ക് A1-6438/19 dt 03/12/2019 പ്രകാരം തറ, ഒന്നാം നില അടക്കം മൊത്തം 234.93 ച. മീ. വിസ്തീർണത്തിൽ ഏകവാസ ഗൃഹം നിർമ്മിക്കുന്നതിന് വേണ്ടി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്

2. നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷം അപേക്ഷകൻ സമർപ്പിച്ച അപേക്ഷയിൽ സെക്രട്ടറി സർവ്വേ നമ്പർ ഒന്നിന്റെ ഒരു ഭാഗം CZMP യുടെ

മാപ്പിൽ CRZ പരിധിയിൽ ഉൾപ്പെടുന്നതായി കാണുന്നു എന്നും fmb യിൽ താങ്കളുടെ ഉടമസ്ഥതത്തിലുള്ള പ്ലോട്ട് വില്ലേജ് ഓഫീസർ രേഖപ്പെടുത്തി, kczma യുടെ അനുമതി ആവശ്യമാണെന്ന് കാണിച്ച് 28/10/2024ലെ401068/BABC06/GPO/20222/3290/(1) പ്രകാരം നോട്ടീസ് നൽകിയതായി കാണുന്നു

3. അപേക്ഷകൻ സമർപ്പിച്ച അപേക്ഷയിൽമേൽ സെക്രട്ടറിയുടെ റിമാർക്സ് സഹിതം 26/08/2023 ലെ SC3/4125/2023 കത്ത് പ്രകാരം KCZMA ജില്ലാതല കമ്മിറ്റിക്ക് നൽകിയ അപേക്ഷയിൽ മെമ്പർ സെക്രട്ടറി KCZMA ജില്ലാതല കമ്മിറ്റി കണ്ണൂർ 28/11/2023 ലെ LSGD/JD/KNR/4232/2023-PLG-2 പ്രകാരം എരുവെട്ടി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തി സമർപ്പിച്ച fmb പ്രകാരം എരുവെട്ടി വില്ലേജിലെ വെണ്ടുട്ടായി ദേശത്തെ അപേക്ഷകന്റെ വീട് നിർമ്മാണം നടത്തിയ പ്ലോട്ട് ഉൾക്കൊള്ളുന്ന സർവ്വേ നമ്പർ 1/130 ൽ CZMP യുമായി താരതമ്യം ചെയ്യുമ്പോൾ പ്രസ്തുത പ്ലോട്ട് CRZ മേഖലയിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ മേൽ അപേക്ഷയിൽ വീട് നിർമ്മാണത്തിന് CRZ ക്ലിയറൻസ് ആവശ്യമില്ലാ എന്ന് കാണിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിലും അനുവദിച്ച പെർമിറ്റ് നിലനിൽക്കുന്നതിനാലും ചട്ട പ്രകാരം പരിശോധിച്ച് അപേക്ഷകൻറെ കെട്ടിടത്തിന് ഓക്ക്യുപെൻസി/ കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദേശം നൽകി തീരുമാനിച്ചു..

<u>48,/02-2024 DT. 04/03/2024 പിണറായി ഗ്രാമപഞ്ചായത്ത് )</u>

ഉപജില്ല അദാലത്ത് പോർട്ടലിൽ ശ്രീ അരയത്ത് കുട്ടേരി പ്രമോദ്, അമരാവതി എരുവട്ടി, എന്നവർ ലഭ്യമാക്കിയ, ഒരു കാരണവുമില്ലാതെ 200 സ്ക്വയർ ഫീറ്റിൽ താഴെയുള്ള കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ തടഞ്ഞുവെക്കുന്നു എന്ന പരാതിയിൽ, അപേക്ഷകനെയും പഞ്ചായത്ത് പ്രതിനിധികളെയും നേരിൽ കേട്ടതിൽ നിന്നും ഫയൽ പരിശോധിച്ചതിൽ നിന്നും ടി സ്ഥലം കൂടി നേരിൽ പരിശോധിച്ചതിന് ശേഷം മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ എന്ന് കമ്മിറ്റി വിലയിരുത്തി. ആയതിനാൽ സ്ഥലം കൂടി പരിശോധിച്ചതിനുശേഷം ടി പരാതിയിൽ അടുത്ത കമ്മിറ്റിയിൽ തീരുമാനമെടുക്കുന്നതിനു വേണ്ടി മാറ്റിവെച്ചു.

<u>49,/02-2024 DT. 04/03/2024 ((വേങ്ങാട് ഗ്രാമപഞ്ചായത്ത് )</u>

ഉപജില്ല അദാലത്ത് പോർട്ടലിൽ ശ്രീമതി ഷിഗിത കെ, വിശ്വാർച്ചന, ചെട്ടിപ്പിടിക പള്ളിക്കുന്ന്. എന്നവർ ലഭ്യമാക്കിയ, പാതിരിയാട് വില്ലേജ് സർവ്വേ

നമ്പർ 56/199ൽ മമ്പറത്ത് എന്റെ ഉടമസ്ഥതയിലുള്ള ബിൽഡിങ്ങിന് 2013ൽ ഗ്രൗണ്ട് ഫ്ലോറിനു വേണ്ടി നമ്പറിന് അപേക്ഷിച്ചു നമ്പർ ലഭിക്കുകയും ചെയ്തു ആ വർഷത്തിൽ റോഡിൽ നിന്നും ബിൽഡിങ്ങിലേക്ക് മൂന്നു മീറ്റർ അകലം ഉണ്ടായിരുന്നു.അതേ വർഷാവസാനം  ഒന്നാമത്തെ നിലയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു ആ കാലയളവിൽ പിഡബ്ല്യുഡിക്ക് ഡ്രൈനേജും  നടപ്പാതക്കും വേണ്ടി ഏകദേശം 80 സെന്റീമീറ്റർ സ്ഥലം ഞാൻ പിഡബ്ല്യുഡിക്ക്  അവരുടെ ആവശ്യപ്രകാരം സ്വമേധയാ വിട്ടു കൊടുത്തിരുന്നു നിലവിൽ മൂന്ന് മീറ്റർ അകലം ഇല്ലാത്ത  കാരണത്താൽ എനിക്ക് ഒന്നാമത്തെ നിലയ്ക്ക് ഇനിയും നമ്പർ ലഭിച്ചിട്ടില്ല. ആയതിനാൽ അദാലത്ത് വഴി എന്റെ പ്രശ്നത്തിന് എത്രയും പെട്ടെന്ന് ഒരു പരിഹാരം ഉണ്ടാക്കി തരണമെന്ന് അപേക്ഷയിൽ, ഇതു സംബന്ധിച്ച ഫയൽ പരിശോധിക്കുകയും അപേക്ഷകയെയും പഞ്ചായത്ത് പ്രതിനിധിയെയും നേരിൽ കേൾക്കുകയും ചെയ്തതിൽ നിന്നും, അപേക്ഷക മേൽ സൂചിപ്പിച്ച കെട്ടിടത്തിന് അനുവദിച്ച പെർമിറ്റോ ക്രമവൽക്കരണ ഉത്തരവോ ഹാജരാക്കിയിട്ടില്ല. സ്ഥലം വിട്ടു കൊടുത്തതിന്റെ രേഖ ഹാജരാക്കിയിട്ടുണ്ട് പഞ്ചായത്തിലെ ഫയൽ പരിശോധിച്ചതിൽ അപേക്ഷക സമർപ്പിച്ച ക്രമവൽക്കരണ അപേക്ഷയിൽമേൽ ന്യൂനതകൾ കാണിച്ച് സെക്രട്ടറി 4706/13 DT 24/09/13.. പ്രകാരം നോട്ടീസ് നൽകിയതായി കാണുന്നു എന്നാൽ ടി നോട്ടീസിൽ രേഖപ്പെടുത്തിയ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് അപേക്ഷ പുനർ സമർപ്പിച്ചതായി കാണുന്നില്ല. കൂടാതെ  നിലവിലുള്ള തറ നിലയിലെ കെട്ടിട നമ്പർ സ്പ്ലിറ്റ് ചെയ്യുന്നതിന് അപേക്ഷ നൽകി നമ്പറുകൾ അനുവദിച്ചതായി കാണുന്നു. മേൽ അപേക്ഷയുമായി ബന്ധപ്പെട്ട രേഖകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് അടുത്ത കമ്മിറ്റിയിൽ ഹാജരാക്കുന്നതിന് അപേക്ഷകയോട് നേരിൽകേട്ട സമയത്ത് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ടി അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന് അടുത്ത കമ്മിറ്റിയിലേക്ക് മാറ്റിവെച്ചു തീരുമാനിച്ചു.

യോഗം 1.00 മണിക്ക് അവസാനിച്ചു .അടുത്ത യോഗം 12/03/2024 ന് ചേരുന്നതിന്  തീരുമാനിച്ചു

// ശരിപകർപ്പ് //

RATNAKARAN. V.V.
PEN: 475963
ASSISTANT DIRECTOR & INTERNAL VIGILANCE OFFICER
O/o THE JOINT DIRECTOR
LOCAL SELF GOVERNMENT DEPARTMENT
CIVIL STATION. KANNUR - 670002